നഷ്ടപ്പെടുത്തുകയും അതുവഴി കൃത്രിമമായ ഒരു സുരക്ഷാബോധം ഉളവാക്കുകയും ചെയ്യാതെ പാക്കിസ്ഥാൻ മധ്യപൂർവപ്രദേശത്തിലെ മുസ്ലിം രാജ്യങ്ങളുമായി സാഹോദര്യബന്ധങ്ങൾ അരക്കിട്ടുറപ്പിക്കാൻ യത്നിക്കുകയാണു വേണ്ടതു് എന്നു് സുലേരി ആവർത്തിച്ചു പറയുന്നു. മധ്യപൂർവ്വ രാജ്യങ്ങൾ പരസ്പരം ഭിന്നിക്കുകയും ഇന്ത്യയുടെ ശക്തി ഉറയ്ക്കുകയുംചെയ്യുന്നതു് പാക്കിസ്ഥാൻെറ നാശമായിരിക്കുമെന്നു് അദ്ദേഹം താക്കീതു നല്കുന്നു. മററു് ഇസ്ലാമിക രാജ്യങ്ങളുമായി ബന്ധം സ്ഥാപിച്ചാൽ ഇന്ത്യയെ ചെറുത്തുനില്ക്കാൻ വേണ്ട കഴിവു് പാക്കിസ്ഥാനു കൈവരും. 'ഇന്ത്യയും പാക്കിസ്ഥാനുമാകുന്ന രണ്ടു സംസ്കാരങ്ങൾ തമ്മിൽ ആദരണീയമായ ഒരു സമത്വം അപ്പോൾ ഉരുത്തിരിഞ്ഞുവന്നേക്കാം' എന്നു് സുലേരി തൻെറ ലേഖനം അവസാനിപ്പിക്കുന്നു.

ഇന്ത്യയെ സംബന്ധിച്ചു് ഇത്തരമൊരു മതിപ്പു പാക്കിസ്ഥാനിലെ ബഹുജനങ്ങൾക്കിടയിൽ വളർന്നുവന്നുകാണാനാണു് പാക്കിസ്ഥാനിലെ ഭരണാധികാരിവർഗം ആഗ്രഹിക്കുന്നതു്. ഈ വസ്തുത ഇന്ത്യക്കാർ മനസ്സിലാക്കിയിരിക്കുന്നതു നന്നു്. കാരണം, മൂഢസ്വർഗത്തിലെ വാഴ്വു് ആർക്കും അഭികാമ്യമല്ല.

(26 നവംബർ, 1983)

# 14. ഇന്ത്യ-പാക്-സംഘർഷം

ബ്രിട്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ 'അസിസ്റ്റൻറ് കമ്മീഷണർ' എന്ന ഉദ്യോഗം വഹിച്ചിരുന്ന രവീന്ദ്രമാത്രേയെ ബർമിങ്ഹാം നഗരത്തിൽവച്ചു് ബസ് കാത്തുനില്ക്കവേ, 1984 ഫെബ്രുവരി മൂന്നാം തീയതി, ഏതാനും പേർ ചേർന്നു തട്ടിക്കൊണ്ടുപോയി. മൂന്നു ദിവസം കഴിഞ്ഞു്, ഫെബ്രുവരി 6-ാം തീയതി, മാത്രേയുടെ ശവശരീരം ബർമിങ്ഹാമിൽനിന്നു മുപ്പതു കി. മീ. അകലെ ലീസെസ്റ്റർഷയർ എന്ന ഗ്രാമത്തിലെ കൃഷിത്തോട്ടത്തിൽ ഒരു കർഷകസ്ത്രീ കണ്ടെത്തി. മാത്രേയെ തട്ടിക്കൊണ്ടുപോയി ഏതാനും മണിക്കൂറുകൾക്കകം ലണ്ടനിലെ ഫ്ളീററ് സ്ട്രീററിലെ റോയ്ട്ടർ വാർത്താ ഏജൻസിയുടെ ഓഫീസിൽ കൈകൊണ്ടെഴുതിയ ഒരു കത്തു കിട്ടി. ഇംഗ്ളണ്ടിൽ ഓഫീസ് തുറന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'കാശ്മീർ ലിബറേഷൻ ഫ്രണ്ട്' എന്ന സംഘടനയുടെ ഒരു വിഭാഗമായ 'കാശ്മീർ ലിബറേഷൻ ആർമി' എന്ന രഹസ്യസംഘത്തിൻെറ വകയാണു് ഈ കത്തു്. തങ്ങളാണു് രവീന്ദ്രമാത്രേയെ തട്ടിക്കൊണ്ടുപോയതെന്നു് ഈ ഭീകരസംഘം അവകാശപ്പെട്ടു. ഇന്ത്യൻ—അധീന—കാശ്മീരിൽ നടത്തിയ ഏതാനും അട്ടിമറിപ്രവർത്തനങ്ങൾ, കൊലപാതകങ്ങൾ, വിമാനം തട്ടിക്കൊണ്ടുപോകൽ മുതലായ കററങ്ങൾ ചുമത്തി ഇന്ത്യാഗവണ്മെൻറ് അറസ്റ്റുചെയ്യുകയും കോടതി വധശിക്ഷ വിധിക്കുകയുംചെയ്ത മക്ബൂൽ ഭട്ടിനെയും അയാളുടെ കൂട്ടുകാരായ അബ്ദുൾഹമീദ് ഭട്ട്, റിയാസ് അഹമ്മദ് എന്നീ തടവുപുള്ളികളെയും പാക്ക്—അധീന കാശ്മീരിലേക്കു കടത്തി പാക്കിസ്ഥാനു വിട്ടുകൊടുക്കണമെന്നും, നഷ്ടപരിഹാരമായി ഒന്നരക്കോടി രൂപ നൽകണമെന്നും ഈ കത്തിൽ ഇന്ത്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിരുന്നു. നിശ്ചിതാവധിക്കകം ഇന്ത്യാഗവണ്മെൻറ് ഇതെല്ലാം ചെയ്യാത്തപക്ഷം മാത്രേയെ തങ്ങൾ കൊല്ലുമെന്ന ഭീഷണിയും കത്തിൽ അടങ്ങിയിരുന്നു. കത്തു നൽകി ഏതാനും മണിക്കൂറുകൾക്കകം,

ബർമിങ്ഹാമിൽ പ്രവർത്തിക്കുന്ന 'കാശ്മീർ ലിബറേഷൻ ഫ്രണ്ടി'ന്റെ വക്താവ് എന്ന നിലയിൽ സുബീർ അൻസാരി എന്നൊരാൾ റോയ്ട്ടർ പ്രതിനിധിയെ ചെന്നു കണ്ടു. മാത്രേയെ തട്ടിക്കൊണ്ടുപോയവരുമായി തങ്ങൾ ബന്ധം പുലർത്തുന്നുണ്ടെന്നും, മാത്രേയെ കൊല്ലാനുള്ള അവധി, തങ്ങളുടെ അഭ്യർത്ഥനപ്രകാരം, മൂന്നു മണിക്കൂർകൂടി നീട്ടിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. ബർമിങ്ഹാമിൽ 'കാശ്മീർ ലിബറേഷൻ ഫ്രണ്ടു'മായി ബന്ധമുള്ള മുപ്പതോളം ആളുകൾ ഉണ്ടത്രേ. 1965–ൽ രൂപവത്കരിക്കപ്പെട്ടതാണ് ഈ സംഘടന. ഉദാരമായ ധനസഹായം ഈ സംഘടനയ്ക്കു് പാക്കിസ്ഥാൻ ഗവണ്മെൻറ് നൽകിവരുന്നതായി ആരോപണമുണ്ട്. ബ്രിട്ടനു പുറമെ ജർമനിയിലും മറ്റേതാനും യൂറോപ്യൻ രാജ്യങ്ങളിലുമുണ്ട് ഇത്തരം സംഘടനകൾ. 1971–ൽ ഇന്ത്യൻ എയർലൈൻസിന്റെ ഒരു ഫോക്കർ ഫ്രണ്ട്ഷിപ്പ് വിമാനം തട്ടിയെടുത്തു് ലാഹോർ വിമാനത്താവളത്തിലിറക്കി ചുട്ടുകരിച്ചതു് മക്ബൂൽ ഭട്ടും കൂട്ടുകാരും ചേർന്നാണ്. ഈ വിമാനം ചുട്ടുകരിക്കുന്നതു നോക്കിനിന്നവരിൽ, അന്നു് പാക്കിസ്ഥാനിലെ പ്രധാനമന്ത്രി ഭൂട്ടോയും ഉൾപ്പെട്ടിരുന്നു എന്നതിൽനിന്നു് ഇത്തരം സംഘടനകളുമായി പാക്കിസ്ഥാൻ ഗവണ്മെൻറിനുള്ള ബന്ധമെന്തെന്നു വ്യക്തമാവും.

മാത്രേയെ തട്ടിക്കൊണ്ടുപോയി വെടിവെച്ചു കൊന്നവർ ആരെന്നു് ഇതെഴുതുമ്പോഴും അറിവായിട്ടില്ല. ആരെ ജയിലിൽനിന്നു വിട്ടുവിക്കുന്നതിനുവേണ്ടി ഈ ദാരുണമായ നരഹത്യ ആസൂത്രണംചെയ്യപ്പെട്ടുവോ ആ മക്ബൂൽ ഭട്ട് ഡൽഹിയിലെ തീഹാർ ജയിലിൽ മരണശിക്ഷ കാത്തു പാർക്കുകയാണ്. ഫെബ്രുവരി 11–ാം തീയതി അയാളെ തൂക്കിക്കൊല്ലുമത്രെ. കാശ്മീർ ഗവണ്മെൻറിന്റെ അപേക്ഷപ്രകാരമാണു വധശിക്ഷ നടത്തുന്നതു്. പല കുറ്റങ്ങൾക്കായി രണ്ടു വധശിക്ഷകൾ ഇയാൾക്കു വിധിക്കപ്പെട്ടിട്ടുണ്ട്. രണ്ടു വധവും ഒരുമിച്ചനുഭവിച്ചാൽ മതി.

പൂർണമായും ഒളിവിൽ പ്രവർത്തിക്കുന്ന കൊലപാതകികളുടെ ഒരു സംഘമല്ല കാശ്മീർ ലിബറേഷൻ ആർമി. അതിന്റെ നേതാക്കളിൽ പലരും കാശ്മീരിൽ, ഇന്ത്യയിലും പാക്ക്–അധീന പ്രദേശത്തും, പരക്കെ അറിയപ്പെടുന്നവരാണ്. ധാരാളം വിഭവങ്ങളും അവർക്കുണ്ട്. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അഭിപ്രായഭേദങ്ങൾ മൂർച്ഛിക്കുന്ന ഘട്ടങ്ങളിൽ ഇത്തരം സംഘടനകൾ വൻതോതിലുള്ള അട്ടിമറിപ്രവർത്തനങ്ങളും കൊലപാതകങ്ങളും നടത്തി വൃത്താന്തപത്രങ്ങളിൽ വലിയ തലക്കെട്ടുകൾ പിടിച്ചുപറ്റാറുണ്ട്.

പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ബന്ധം ക്രമത്തിലധികം വഷളായിക്കൊണ്ടിരിക്കുകയാണ് എന്നതിൽ യാതൊരു സംശയവുമില്ല. മക്ബൂൽ ഭട്ടിന്റെ വലംകൈ ആയി കരുതപ്പെടുന്ന ഹാഷിം ഖുറൈഷി ഇക്കാലമത്രയും പാക്കിസ്ഥാനിലെ പേഷാവാറിൽ സർക്കാർ നൽകിയ ഒരു വീട്ടിൽ പാർത്തുവരികയായിരുന്നു. ഇന്ത്യൻ പൗരനായ ഇയാൾക്കു് പാക്കിസ്ഥാൻ പാസ്പോർട്ട് നൽകിക്കൂടാത്തതാണ്. എന്നിട്ടും പാക്കിസ്ഥാൻ കൊടുത്ത പാസ്പോർട്ട് ഉപയോഗപ്പെടുത്തി ഇയാൾ ജനുവരി 29–ാം തീയതി ബ്രിട്ടനിലേക്കു പോയി. ബർമിങ്ഹാമിലെത്തിയ ഖുറൈഷി മാത്രേ വധത്തിൽ പ്രമുഖമായ പങ്കു വഹിച്ചതായി കരുതപ്പെടുന്നു. ഇതു ശരിയാണെങ്കിൽ, മാത്രേയെ തട്ടിക്കൊണ്ടുപോയി കൊന്നതു് പാക്കിസ്ഥാൻ ഗവണ്മെൻറിന്റെ അറിവോടും പ്രേരണയോടുംകൂടിയാണെന്നുവരും. ഇതിനുമുമ്പുതന്നെ നയതന്ത്രപ്രതിനിധിതലത്തിൽ പാക്കിസ്ഥാനും ഇന്ത്യയും തമ്മിൽ ഉരസൽ ആരംഭിച്ചിരുന്നു. സിയാ ഉൾഹക്കിന്റെ ഏകാധിപത്യത്തിനെതിരെ പാക്കിസ്ഥാനിൽ, പ്രത്യേകിച്ച സിന്ധ് സംസ്ഥാനത്തിൽ, നടന്ന സമരത്തിനുള്ള

പ്രേരണ ഇന്ത്യയിൽനിന്നാണ് ഉദ്ഭവിച്ചതെന്ന് പാക്കിസ്ഥാൻ ആരോപിച്ചിട്ടുണ്ട്. ഏതാനും നയതന്ത്രപ്രതിനിധികളെ പുറത്താക്കുകയെന്ന നടപടിയും ഈയിടെ രണ്ടു ഗവണ്മെൻറുകളും കൈക്കൊള്ളുകയുണ്ടായി. ഇന്ത്യൻ എയർലൈൻസിൻെറ ചില ഉദ്യോഗസ്ഥന്മാരെ പാക്കിസ്ഥാൻ ഗവണ്മെൻറും പാക്കിസ്ഥാൻ എയർലൈൻസിൻെറ ചില ഉദ്യോഗസ്ഥന്മാരെ ഇന്ത്യാഗവണ്മെൻറും പുറത്താക്കി.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷം മൂർച്ഛിക്കുന്നതിനുള്ള ഒരു പ്രധാന കാരണം പാക്കിസ്ഥാന് അമേരിക്ക നൽകുന്ന ആയുധസഹായമാണ്. റഷ്യയ്ക്കെതിരായുള്ള ഒരു ഉറച്ച കോട്ട എന്ന നിലയിൽ പാക്കിസ്ഥാനെ ശക്തിപ്പെടുത്തുകയാണ് അമേരിക്ക കൈക്കൊണ്ടിട്ടുള്ള നയം. മൂവായിരത്തി ഇരുനൂറു കോടി രൂപയിലേറെ വില വരുന്ന ആയുധസാമഗ്രികൾ ഈയിടെ അമേരിക്ക പാക്കിസ്ഥാന് സൗജന്യമായി നൽകി. ഈ സഹായപരിപാടി ഇപ്പോൾ മൂന്നാം വർഷത്തിലെത്തിയിരിക്കുന്നു. ഈ ആയുധങ്ങളിൽ പ്രധാനപ്പെട്ടതു് എഫ്–16 എന്ന ബോംബർവിമാനങ്ങളാണ്. ഇവയ്ക്കു വേണമെങ്കിൽ, ഒററപ്പറക്കലിന് ഇന്ത്യയിലെവിടെയുമെത്തി ആക്രമണം നടത്തി, പാക്കിസ്ഥാനിൽ തിരിച്ചെത്താനുള്ള കഴിവുണ്ട്. ഡൽഹിയിൽ റോഡിൽ ഒരു ലോറി ഓടിയാൽ പാക്കിസ്ഥാനിലിരുന്ന് അതു കണ്ടറിയുവാൻ പര്യാപ്തമായ റഡാർ സംവിധാനവും അമേരിക്ക പാക്കിസ്ഥാനു നൽകിയിട്ടുണ്ട്.

'ഹാർപൂൺ' എന്ന പുതിയതരം മിസൈലുകൾ ഈയിടെ അമേരിക്ക പാക്കിസ്ഥാനിലെ നാവികസൈന്യത്തിനു നൽകി. ഫ്രാൻസിൽനിന്ന് ഇതിനുമുമ്പുതന്നെ 'എക്സോ സെററ്' എന്ന മിസൈലുകൾ പാക്കിസ്ഥാൻ നേടിയിട്ടുള്ളതിനാൽ, പാക്കിസ്ഥാൻ നാവികസേനയുടെ ആക്രമണശേഷിയിൽ 'വിപ്ളവകരമായ' മാററം ഹാർപൂണുകൾ വരുത്തുന്നില്ല എന്ന് അമേരിക്കൻ ഡെപ്യൂട്ടി അസിസ്റ്റൻറ് സ്റ്റേററ് സെക്രട്ടറി ഷേഫർ ഈയിടെ ഒരു പാർലമെൻററ് സബ് കമ്മററിയുടെ മുമ്പാകെ മൊഴികൊടുത്തു. ഇതു ശുദ്ധമേ കള്ളമാണെന്നു കാണാൻ പ്രയാസമില്ല. എണ്ണമല്ല, ഗുണമാണു പ്രശ്നം. വെറുതെ കിട്ടിയ ഹാർപൂൺ മിസൈലുകൾ പാക്കിസ്ഥാൻ എങ്ങനെയാണ് ഉപയോഗിക്കുക? ഇന്ത്യൻ നാവികസേനയുടെ കപ്പലുകളും ബോംബേ കടലിലെ എണ്ണ–ഖനന–സംയന്ത്രങ്ങളും ബോംബെയിലെ ആററമിക് റിയാക്ടറും മററുമല്ലെങ്കിൽ പാക്കിസ്ഥാൻെറ കൈയിലെ ഈ ഹാർപൂണുകൾ തകർക്കേണ്ടതു് എങ്ങനെയാണ്? അഫ്ഘാൻകാരുടെ റൈഫിളുകളെയോ?

പാക്കിസ്ഥാൻ അളവിൽ കവിഞ്ഞ ആയുധശക്തി സംഭരിക്കുന്നതു തീർച്ചയായും അയൽരാജ്യമായ ഇന്ത്യയിൽ ആശങ്ക ഉളവാക്കാതിരിക്കുകയില്ല. അതോടൊപ്പം രാഷ്ട്രീയങ്ങളായ പിരിമുറുക്കങ്ങൾകൂടിയായാലോ? പാക്ക്–അധീന–കാശ്മീരിലെ മുസഫറാബാദിൽ ചൈനയുടെ സഹായത്തോടെ വലിയൊരു വിമാനത്താവളം പാക്കിസ്ഥാൻ പണിതുവരുന്നതെന്തിനാണ്? ടൂറിസ്റ്റ് വിമാനങ്ങൾക്ക് ഇറങ്ങാനല്ലെന്നു വ്യക്തം.

പാക്ക്–അധീന–കാശ്മീരിലെയെന്നപോലെ ഇന്ത്യൻ അധീന കാശ്മീരിലെയും രാഷ്ട്രീയസംഭവവികാസങ്ങൾ ഒട്ടും സുഖകരങ്ങളല്ല. ആഭ്യന്തരസമരത്തിൻേറതായ ഒരു അന്തരീക്ഷം അവിടെയുണ്ടായാൽ, അതിർത്തിക്ക് അപ്പുറത്തുനിന്നുള്ള പ്രകോപനങ്ങൾ അധികമാകുന്നതിനു വേറെ കാരണമൊന്നും വേണ്ട. 'ഛിദ്രേഷ്വനർഥാ ബഹുളീഭവന്തി' എന്ന ചൊല്ല് ഇന്നും എന്നും പ്രസക്തംതന്നെ.

ബ്രിട്ടനിലെ ഒരു പത്രവുമായി ഏതാനും ദിവസം മുമ്പ് നടത്തിയ ഒരു അഭിമുഖസംഭാഷണത്തിൽ, കാശ്മീരിൽ വീണ്ടും ഒരു യുദ്ധം ആരംഭിക്കാൻ പാക്കിസ്ഥാൻ അടുത്ത ഭാവിയിൽ തയ്യാറായേക്കുമെന്ന ആശങ്ക ശ്രീ രാജീവ്ഗാന്ധി പ്രകടിപ്പിച്ചതു് ബ്രിട്ടീഷ് പത്രങ്ങൾ വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം ആശങ്ക, അതി പ്രകടമായല്ലെങ്കിലും, ഇന്ദിരാഗാന്ധിയും പ്രകടിപ്പിച്ചിട്ടുണ്ട്. അതിലൊന്നും സത്യമില്ലെന്നും, അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടു വാരിക്കൂട്ടുന്നതിന്റെ ഒരു അടവു മാത്രമാണ് പാക്ക്ഭീഷണിയെക്കുറിച്ചുള്ള പ്രസ്താവനകളെന്നുമാണ് ഇന്ത്യയിലെ എതിർ രാഷ്ട്രീയപാർട്ടികളുടെ വാദം.

ഇല്ലാത്ത ഭീഷണി ഉയർത്തിക്കാട്ടുകയാണ് പ്രധാനമന്ത്രി ചെയ്യുന്നതെങ്കിൽ അതു തീർച്ചയായും ദീർഘവീക്ഷണമില്ലായ്മയാണ്. നേരേ മറിച്ച്, ഉള്ള ഭീഷണി നിസ്സാരമാക്കുകയാണ് പ്രതിപക്ഷപാർട്ടികളെങ്കിൽ, അതും വിവേകരാഹിത്യംതന്നെ.

ആർക്കാണു ദീർഘവീക്ഷണം? ആർക്കാണു വിവേകരാഹിത്യം? നാളെ ചരിത്രം ഇക്കാര്യം തെളിയിക്കും. പക്ഷേ, അതിനു മുമ്പു സംഭവിക്കാൻ പാടില്ലാത്തതു സംഭവിച്ചുകഴിഞ്ഞിരിക്കും.

അതിനാൽ, വായനക്കാരേ, നിങ്ങൾതന്നെ കിട്ടാവുന്നിടത്തോളം വിവരണങ്ങൾ ശേഖരിച്ച് ഈ പ്രശ്നത്തിൽ ഒരു തീരുമാനത്തിലെത്തുക. കാരണം, നിങ്ങളുടെ സൗഖ്യത്തിന്റെ മാത്രമല്ല, ജീവിതത്തിന്റെകൂടി പ്രശ്നമാണ് ഇതു്.

(10 ഫെബ്രുവരി, 1984)

# 15. ഇസ്ലാമിക ജനാധിപത്യം

**പട്ടാളഭരണത്തിൻകീഴിൽ** ഞെരിയുന്ന പാക്കിസ്ഥാനിൽ 'ഇസ്ലാമിക **ജനാധിപത്യം**' സ്ഥാപിക്കുന്നതിനുള്ള പൊതുതെരഞ്ഞെടുപ്പുകൾ 1985 **മാർച്ചിനു** മുമ്പു നടക്കുമെന്ന് പ്രസിഡണ്ടും പട്ടാള ഭരണാധികാരിയുമായ **മുഹമ്മദ് സിയാ** ഉൾഹക്ക് ഈയിടെ വടക്കുപടിഞ്ഞാറൻ അതിർത്തി **സംസ്ഥാനത്തിലുള്ള** പേഷാവർ നഗരത്തിൽ വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റെ മുമ്പാകെ പ്രഖ്യാപിച്ചു.

'ഇസ്ലാമിക ജനാധിപത്യം' എന്നതുകൊണ്ടു താൻ ഉദ്ദേശിക്കുന്നതെന്തു് എന്ന് ഈ പ്രസംഗത്തിൽ, സമഗ്രമായി അല്ലെങ്കിലും, സിയാ ഉൾ ഹക്ക് വ്യക്തമാക്കി. അയൽരാജ്യത്തുണ്ടാവുന്ന സംഭവവികാസങ്ങളിൽ സ്വാഭാവികമായും നമുക്കു താല്പര്യമുണ്ടാകണമല്ലോ. സിയാ ഉൾ ഹക്കിന്റെ പേഷാവർ പ്രസംഗം ഇന്ത്യയിൽ വ്യാപകമായ പഠനത്തിനും ചർച്ചയ്ക്കും വിഷയമാകേണ്ടതാണ്.

'ഷാരിയാ' (ശരീഅത്ത്) എന്ന മുസ്ലിം നിയമങ്ങൾ അനുസരിച്ചായിരിക്കും പാക്കിസ്ഥാനിലെ അടുത്ത തെരഞ്ഞെടുപ്പു നടത്തുക എന്ന് സിയാ ഉൾ ഹക്ക് പറഞ്ഞു. ഇന്ത്യപോലുള്ള മതനിരപേക്ഷജനാധിപത്യരാഷ്ട്രങ്ങളിൽ, പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്; ഭരണം നടത്തുന്ന ജനപ്രതിനിധികൾക്ക് അധികാരം സിദ്ധിക്കുന്നതു ജനങ്ങളിൽനിന്നത്രേ. എന്നാൽ, 'ഷാരിയാ' (ശരീഅത്ത്) അനുസരിച്ച്, പരമാധികാരം അള്ളാഹുവിനുള്ളതാണ്. അള്ളാഹുവിൽനിന്നു ലഭിച്ച ഒരു 'ട്രസ്റ്റ്' എന്ന നിലയിലാണ് ഭരണാധികൃതർ അധികാരം കൈയാളുന്നതു്. ഇസ്ലാമികജനാധിപത്യത്തിൽ രാഷ്ട്രത്തലവൻ,